(ഡി) കർണ്ണാടകവുമായുള്ള കരാർ പ്രകാരം കേരളം 27 സർവ്വീസുകളും കർണ്ണാടകം 15 സർവ്വീസുകളും നടത്തും. സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധം (2)ലായി ചേർത്തിട്ടുണ്ട്.†

55 (3380) അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് നിന്ന് ഇന്റർസ്റ്റേറ്റ് ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള സ്ഥലം എം.എൽ.എ.യുടെ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) കായംകുളം (ഓച്ചിറ) കോയമ്പത്തൂർ,

കായംകുളം (ഓച്ചിറ) മധുര

കായംകുളം (ഓച്ചിറ) പഴനി

കായംകുളം (ഓച്ചിറ) ചെങ്കോട്ട

കായംകുളം (ഓച്ചിറ) കന്യാകുമാരി തുടങ്ങിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളത്തുനിന്നും ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്തുവാൻ കായംകുളം ഡി.റ്റി.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റൂട്ടുകൾ അന്തർ സംസ്ഥാന കരാറുകളിൽ ഉൾപ്പെടാത്തതുകൊണ്ട് തൽക്കാലം ആരംഭിക്കുവാൻ കഴിയുകയില്ല.

56 (3381) ഫാസ്റ്റ് പാസഞ്ചറിന് സ്റ്റോപ്പ്

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-വയനാട് റോഡിൽ പുതുപ്പാടിക്കടുത്തുള്ള ഒടുങ്ങാക്കാട് മഖാമിന് സമീപം കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പില്ലാത്തതുമൂലം തീർത്ഥാടകരായ യാത്രക്കാർ ബുദ്ധിമുട്ടനുഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ദിവസേന നൂറുക്കണക്കിന് തീർത്ഥാടകർ എത്തുന്ന ഒടുങ്ങാക്കാട് മഖാമിന് സമീപം കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly